Shri M. P. Govindan Nair : Sir, I will reply tomorrow.

(ii) Revenue Recovery Proceedings resorted to by the Collector, Palghat.

Mr. Speaker: I have received anothe notice from Shri M. V. Vasu calling the attention of the Minister for Law and Revenue to the situation caused due to the Revenue Recovery Proceedings resorted to by the Collector, Palghat for collecting land tax. I will refer the matter to the Minister for necessary action.

(iii) Serious situation caused by the strike of the workers in the Modern Wood Crafts, Dharmadom.

Mr. Speaker : A reply is due from the honourable Minister for Transport and Labour to an earlier Rule 61 notice given by Shri K. Chandrasekharn. I call upon the honourable Minister to give the reply.

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

സർ, ഇന്നലെ ധർമ്മടം മോഡേൺ വുഡ് ക്രാഫ്റ്റ് ഫാക്ടറിയിലുണ്ടായ സ്ട്രൈക്കിനെപ്പറ്റി ശ്രീ. ചന്ദ്രശേഖരൻ ഇവിടെ പറയുകയുണ്ടായി. ഫർണിച്ചർ ഉണ്ടാക്കുന്ന ഒരു ഫാക്ടറിയാണ് ഇത്. 90 തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നുണ്ട്. അവർ കഴിഞ്ഞ ജനുവരി 30-ാം തീയതി യാതൊരു നോട്ടീസും കൂടാതെതന്നെ 'സ്റ്റേ ഇൻ സ്ട്രൈക്ക്' ആരംഭിച്ചു. ഇതിനുമുമ്പേതന്നെ അവർ വച്ചിട്ടുള്ള ചില ഡിമാൻഡുകളെ സംബന്ധിച്ച് അവിടത്തെ ലോക്കൽ ലേബർ ആഫീസറുടെ തീരുമാനത്തിന്മേൽ ചർച്ചകൾ തുടർന്നുവരികയായിരുന്നു. ഇതിനിടയിലാണ് ഒരു സ്റ്റേ ഇൻ സ്ട്രൈക്ക് ആരംഭിച്ചത്. അതിന്റെ പിറ്റെദിവസം വീണ്ടും യാതൊരു നോട്ടീസും കൂടാതെതന്നെ സ്ട്രൈക്ക് തുടങ്ങി. ഉടൻതന്നെ ഡിസ്ട്രിക്റ്റ് ലേബർ ആഫീസർ പല തവണയും അവരുടെ പ്രധാനഡിമാൻഡുകളായശമ്പളക്കൂട്ടൽ ഡിയർനസ് അലവൻസ് വർദ്ധിപ്പിക്കൽ, ബോണസ് വർദ്ധിപ്പിക്കൽ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച ഫാക്ടറി ഉടമയുമായി ചർച്ച ചെയ്തു. എന്നാൽ ഫാക്ടറി ഉടമ അറിയിച്ചിട്ടുള്ളത് ഫാക്ടറിയുടെ ഇന്നത്തെ കഴിവിനു് ഇതിൽ കൂടുതൽ നൽകുവാൻ സാദ്ധ്യമല്ലെന്നും അങ്ങനെ നൽകിയാൽ അവിടെനിന്നും ഉണ്ടാക്കുന്ന സാധനങ്ങൾക്ക് കൂടുതൽ വിലയിട്ട് വിൽക്കേണ്ടിവരുമെന്നും അപ്പോൾ സാധനങ്ങൾ വിറ്റഴിയാതെ കെട്ടിക്കിടക്കേണ്ട പരിതഃസ്ഥിതി ഉണ്ടാകുമെന്നും ആണ്. അതുകൊണ്ട് അതിനു നിർബന്ധിക്കാൻ പാടില്ല എന്ന മനോഭാവമാണ് ഫാക്ടറി ഉടമയിൽനിന്നും ഉണ്ടായത്. കാര്യം ഇപ്പോൾ അഡ്ജൂഡിക്കേഷനു വിട്ടിരിക്കുകയാണ് കഴിഞ്ഞ മാസം 24-ാം തീയതി ഇതു റഫർ ചെയ്തു. ഇതിനിടയിൽ രണ്ടുപേരെ ജോലിയിൽ നിന്നും സസ്പെൻറു ചെയ്യുകയും ഡിസ്മിസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സ്റ്റാൻഡിംഗ് ഓർഡർ അനുസരിച്ച അന്വേഷണം നടത്തി രണ്ടും ക്യാൻസൽ ചെയ്തിരിക്കുകയാണ്. രണ്ടുപേർക്കും സസ്പെൻഡു ചെയ്ത കാലത്തു ശമ്പളം കൊടുക്കണമെന്നൊരു ഡിമാൻഡ് ഉണ്ടായി. ഡെപ്യൂട്ടി ലേബർ കമ്മീഷണറുമായി ഈ കാര്യത്തിൽ വിഷമം ഉണ്ടാകാതിരിക്കുവാൻ ഇപ്പോഴും ആലോചനകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനിടയിൽ ഫാക്ടറി ജനറൽ മാനേജരുടെ വീട്ടിൽ ചെന്നു സത്യഗ്രഹം അനുഷ്ഠിക്കുവാൻ തുടങ്ങി അവിടെനിന്നും നാലു ഫർലോംഗ് ദൂരമേയുള്ളൂ; അദ്ദേഹത്തിന്റെ വീട്ടിലേക്ക്. കുടുംബസഹിതം താമസിക്കുകയാണ്, അവർക്കു വെളിയിലേക്കുംമറ്റും ഇറങ്ങേണ്ട ആവശ്യം വരും എന്നു സമാധാനപരമായി പറഞ്ഞിട്ടു അശേഷം കേൾക്കാതെ നിർബന്ധമായി സത്യഗ്രഹം വീട്ടുപടിക്കൽ തുടങ്ങി. ഇങ്ങനെ വന്നപ്പോൾ ജനറൽ മാനേജർ പോലീസിന്റെ സഹായം അപേക്ഷിക്കുകയും, അവരെ അവിടെനിന്നും മാറ്റി റിമാൻറിൽ വച്ചിരിക്കുകയുമാണ്. കേസു നടന്നുവരികയാണ്. രണ്ടു യൂണിയനുകളും ഉണ്ട്. ഒന്ന് മോഡേൺ വുഡ് ക്രാഫ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

വർക്കേഴ്സ് യൂണിയൻ, മറൈൻ വുഡ് ക്രാഫ്റ്റ് എംപ്ലോയീസ് യൂണിയൻ. ഈ രണ്ട് യൂണിയനുകളും ചേർന്നുനിന്നുകൊണ്ട് സത്യഗ്രഹം അനുഷ്ഠിച്ചു. ഇങ്ങനെ മാനേജരന്മാരുടെ വീട്ടിലും മറ്റും ചെന്നുനിന്ന് സത്യഗ്രഹം അനുഷ്ഠിക്കുന്ന സംപ്രദായത്തെ പ്രോത്സാഹിപ്പിക്കുവാൻ നിവൃത്തിയില്ല. ഇവിടെ കൺസിലിയേഷൻ നടപടികളും നടത്താം, അഡ്ജൂഡിക്കേഷൻ നടത്താം ആർബിട്രേഷൻ നടത്താം. എന്നിട്ടും ശല്യം ഉണ്ടാക്കുകയാണെങ്കിൽ ബുദ്ധിമുട്ടുണ്ടാകും. ഈ കാര്യത്തിൽ പോലീസ് ലാ ആൻറ് ഓർഡർ നിയമം അനുസരിച്ച് കേസ് എടുത്തിരിക്കുകയാണ്. ഇതാണ് നില. പുതുതായി മറൈൻ തൊഴിലാളികളുടെ അന്തരീക്ഷവും അവിടെയില്ല. ഇങ്ങനെ തുടർന്നുകൊണ്ടിരിക്കുകയാണ്.

PRESENTATION OF REPORTS

Chief Minister (**Shri R. Sankar**) : Sir, I present the Report of the Select Committee on the Agricultural Income Tax (Amendment) Bill, 1963.

Shri K. V. Narayanan : Sir, I, Chairman, Committee on Private Members, Bills and Resolutions present the Third Report in 1964 of the Committee on Private Members' Bills and Resolutions.

FINANCIAL BUSINESS

General Discussion of the Budget for the Financial Year 1964-65 (*contd.*)

ശ്രീ. കെ. കൃഷ്ണൻ : സർ, ഈ ബഡ്ജറ്റിനെ ശക്തിയായി എതിർക്കാതിരിക്കുവാൻ യാതൊരു നിവൃത്തിയുമില്ല. നമ്മുടെ നാട്ടിലെ ജനങ്ങളെ ഏറ്റവും അധികം ഇന്നു അലട്ടിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമായ വിലക്കയറ്റത്തിനു ഒരു അലംഭാവമനോഭാവമാണ് മുഖ്യമന്ത്രിയുടെ ഈ ബഡ്ജറ്റ് പ്രസംഗത്തിൽ കാണിച്ചിട്ടുള്ളതു്. നിത്യോപയോഗസാധനങ്ങളുടെ വില ദിവസംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. മകരക്കൊയ്ത്തു കഴിഞ്ഞിരിക്കുന്ന ഈ അവസരത്തിൽ പ്രധാനമായി നെല്ലുവിളയുന്ന പാലക്കാട്ടു ജില്ലയിൽ കറുക്കളത്തിൽ നിന്നതന്നെ മിൽ ഉടമസ്ഥന്മാർ വലിയ വിലയ്ക്കു നെല്ലു വാങ്ങിക്കൊണ്ടുപോകുകയാണു്. കഴിഞ്ഞവർഷം ഒരു ചാക്കു നെല്ലിനു് 18 രൂപാ ഇരുപത്തു രൂപ വിലാരു കിട്ടുമായിരുന്നതു് ഈ കൊല്ലം 28 രൂപ 30 രൂപയായി വർധിച്ചിട്ടുണ്ടു്. ഈ വർദ്ധിച്ച വിലത്തോതു ഉണ്ടാകാൻ കാരണം ജന്മികും കറുക്കളത്തിൽ പെന്നു് പാട്ടം പിരിച്ചെടുക്കുകയും മിൽ ഉടമസ്ഥന്മാർ നെല്ലു് ഒന്നിച്ചു വാങ്ങിക്കൊണ്ടുപോകുന്നതുമാണു്. കർഷകത്തൊഴിലാളികൾക്കു നെല്ലുകുലി കിട്ടിക്കൊണ്ടിരുന്നതുപോലും ഇപ്പോൾ നിന്നുപോയിരിക്കുകയാണു്. മുളകിനും പരിപ്പിനും അതുപോലുള്ള മറ്റു സാധനങ്ങൾക്കും 80-85 ശതമാനം വരെ വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. പഞ്ചസാര കിലോക്കു മുന്നര രൂപയായിരിക്കുകയാണു് ഞങ്ങളുടെ പ്രദേശത്തു്. കാർഡൊന്നിനു ഒരു കിലോയാണു് വച്ചിരിക്കുന്നതെങ്കിലും ബഹുഭൂരിപക്ഷം പേർക്കും കിട്ടുന്നതു കാൽകിലോ വച്ചും അരക്കിലോവച്ചുമാണു്. അങ്ങനെ ആളുകളുടെ വാങ്ങാനുള്ള ശക്തി വളരെ കുറഞ്ഞിരിക്കുന്ന സന്ദർഭത്തിൽ, വില വാണംപോലെ കയറിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ന്യായവില ഷാപ്പുകളും തുറക്കണമെന്നു പറഞ്ഞാൽ അതൊരു മിച്ചജില്ലയാണെന്നു പറയും. പിന്നെ പറയും ഇപ്പോൾ കൊയ്ത്തുകഴിഞ്ഞു അതുകൊണ്ടു് വില താന്നിട്ടുണ്ടെന്നു്. നെല്ലു് കുലി കിട്ടിക്കൊണ്ടിരുന്നതുപോലും ഇപ്പോൾ ഇല്ലാതായി. ന്യായവില ഷാപ്പുകളും ഇല്ല. വമ്പിച്ച തോതിലുള്ള വിലക്കയറ്റം. ഇൻഡ്യാ ഗവണ്മെൻറിന്റെ ചുമതലയിൽ നടത്തുന്ന ഒരു കമ്പനിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കു് ന്യായമായ വിലയ്ക്കു നിത്യോപയോഗസാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതിനു ഏർപ്പാടു ചെയ്യുമോ എന്നു ചോദിച്ചപ്പോൾ കോപ്പറേറീവു് സൊസൈറ്റിയാണു് നല്ലതെന്നു് പറഞ്ഞു മടിയുകയാണു് ചെയ്തതു്.

LIBRARY ARCHIVES Kerala Legislative Assembly